Prepp
Your Personal Exams Guide

# UGC NET PAPER 2 NOVEMBER 05, 2017 SHIFT 1 MALAYALAM QUESTION PAPER

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്കു വീതം. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

1. 'മലയാളം എന്നതിന് മലയത്തിന്റെ താഴെയുള്ളത് എന്ന അർത്ഥം തന്നെയാണ് അധികം സംഗതം' – എന്നു പറഞ്ഞത് :

   (1) ഉള്ളൂർ എസ്. പരമേശ്വര അയ്യർ

   (2) ആറ്റൂർ കൃഷ്ണപ്പിഷാരടി

   (3) ആറ്റൂർ രവിവർമ്മ

   (4) പി. ഗോവിന്ദപ്പിള്ള

2. 'ദ്രമിഡ സംഘാതാക്ഷരനിബന്ധം ഭാഷാസംസ്കൃതയോഗം പാട്ട്' എന്നു നിർവചിക്കാവുന്ന രീതിയിലാണ് രാമചരിതത്തിലെ ഭാഷാ രചന' – എന്നു പറഞ്ഞത് :

   (1) തിരുനെല്ലൂർ കരുണാകരൻ

   (2) ഇളംകുളം കുഞ്ഞൻപിള്ള

   (3) എസ്.കെ. നായർ

   (4) ഓമല്ലൂർ ഗോപാലകൃഷ്ണൻ

3. 'മധുര മധുര ഭാഷാ സംസ്കൃതാന്യോന്യ സമ്മേ-

   ളന സുരഭിലയാസ്സൽ കാവ്യ വാണീ വിഭൂത്യാ'

   - ഈ ശ്ലോക ഭാഗം ഏതു കൃതിയിൽ ?

   (1) ലീലാതിലകം (2) ഭാഷാ ഭൂഷണം

   (3) വൈശികതന്ത്രം (4) ചന്ദ്രോത്സവം

4. മണിപ്രവാള വിഭജനത്തിൽ പെടാത്തത് :

(1) ഉത്തമം (2) ഉത്തമകല്പം

(3) അധമകല്പം (4) മധ്യമകല്പം

5. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | കാക്കാരശ്ശി നാടകം | (i) | രാഘവൻ പയ്യനാട് |
| (b) | ഫോക്‌ലോർ | (ii) | എം.വി. വിഷ്ണു നമ്പൂതിരി |
| (c) | മുഖദർശനം | (iii) | ജി. ഭാർഗവൻ പിള്ള |
| (d) | മതിലേരികന്നി | (iv) | ടി. പവിത്രൻ |
| | | (v) | സി.എച്ച്. കുഞ്ഞിരാമൻ നമ്പ്യാർ |

**കോഡുകൾ**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iv) | (i) | (ii) | (iii) |
| (2) | (ii) | (i) | (iii) | (v) |
| (3) | (v) | (ii) | (i) | (iii) |
| (4) | (iii) | (i) | (ii) | (v) |

6. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | കറ്റക്കറ്റ ക്കയറിട്ടു<br>കയറോണ്ടഞ്ചു മടക്കിട്ടു<br>നെറ്റിപ്പട്ടം മൊട്ടിട്ടു<br>നേരെ വാതിൽക്കൽ നെയ്‌വെച്ചു | (i) | തെക്കൻപാട്ട് |
| (b) | ഉണ്ണൊല്ല ഉറങ്ങൊല്ല<br>ഉറങ്ങ്യാൽപ്പിന്നുണരൊല്ല<br>അടിക്കൊല്ല തളിക്കൊല്ല<br>അടുപ്പിൽ തീയെരിക്കൊല്ലാ | (ii) | വടക്കൻപാട്ട് |
| (c) | കണ്ടവർക്കു പിറന്നോനെ<br>കാട്ടുമാക്കാൻ പിടിച്ചോനേ<br>കടവിൽ കല്യാണി നിന്റെ-<br>യച്ചിയല്ല്യോടാ | (iii) | പൂവൊലിപ്പാട്ട് |
| (d) | നേരിട്ടു വെട്ടി മരിച്ചതെങ്കിൽ<br>വീട്ടേയ്ക്കു നല്ലൊരു മാനം തന്നെ<br>വീരാളിപ്പട്ടു വിതാനത്തോടെ<br>ആർത്തു വിളിച്ചു എടുപ്പിക്കേണ്ടു | (iv) | ഏഴാമത്തു കളിപ്പാട്ട് |
| | | (v) | യാത്രകളിപ്പാട്ട് |

**കോഡുകൾ**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iii) | (v) | (iv) | (ii) |
| (2) | (v) | (iv) | (iii) | (i) |
| (3) | (iii) | (v) | (i) | (ii) |
| (4) | (iv) | (i) | (v) | (iii) |

Prepp
Your Personal Exams Guide

7. ചേരുംപടി ചേർക്കുക.

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | രാജശേഖരന്റെ 12-ാം ഭരണ വർഷം എഴുതപ്പെട്ടത് | (i) | തിരുനെല്ലി ശാസനം |
| (b) | സ്ഥാണുരവിയുടെ അഞ്ചാം ഭരണ വർഷം എഴുതപ്പെട്ടത് | (ii) | അവിട്ടത്തൂർ ശാസനം |
| (c) | കോതരവിയുടെ 28-ാം ഭരണ വർഷം എഴുതപ്പെട്ടത് | (iii) | തരിസാപ്പള്ളി ചെപ്പേട് |
| (d) | ഭാസ്കര രവിവർമ്മൻ ഒന്നാമന്റെ 47-ാം ഭരണ വർഷം എഴുതപ്പെട്ടത് | (iv) | മാമ്പള്ളി പട്ടയം |
| | | (v) | വാഴപ്പള്ളി ശാസനം |

**കോഡുകൾ**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (i) | (iv) | (v) |
| (2) | (iii) | (ii) | (v) | (i) |
| (3) | (iv) | (i) | (ii) | (iii) |
| (4) | (v) | (iii) | (ii) | (i) |

Prepp Your Personal Exam Guide

8. **കാര്യം :** തെലുങ്കു ലിപിയിലുള്ള അദ്ധ്യാത്മരാമായണമാണ് എഴുത്തച്ഛൻ അവലംബമാക്കിയത് എന്ന് ഒരു വിശ്വാസമുണ്ട്. അതു തെറ്റായിക്കൊള്ളണമെന്നില്ല എന്നാണ് കെ.എൻ. എഴുത്തച്ഛന്റെ നിരീക്ഷണം.

**കാരണം :** (a) തുഞ്ചന് ആ ലിപി അറിയില്ലായിരുന്നു എന്നു പറയാൻ കഴിയില്ല.

(b) പണ്ഡിതന്മാർ ആന്ധ്രയിൽ നിന്നും മറ്റും പണ്ട് നമ്മുടെ രാജധാനികളിൽ ധാരാളം വന്നിരുന്നു.

(c) ഇവിടെ പ്രചാരത്തിൽ വരാത്ത ഗ്രന്ഥമാകയാൽ എഴുത്തച്ഛൻ അതു തർജ്ജമയ്ക്കെടുത്തുവെന്നത് കൂടുതൽ യുക്തിപൂർവമാണ്.

(1) **കാര്യം** ശരി **കാരണം** (a) ഉം (b) ഉം മാത്രം ശരി

(2) **കാര്യം** ശരി **കാരണം** (a) മാത്രം ശരി

(3) **കാര്യം** ശരി **കാരണം** (c) മാത്രം ശരി

(4) **കാര്യം** ശരി **കാരണം** (a) ഉം (b) ഉം (c) ഉം ശരി

9. പൂന്താനം കൃതികളിലെ ശരിയായ ഗണമേത് ?

(1) സന്താനഗോപാലംപാന, ജ്ഞാനപ്പാന

(2) ഘനസംഘം, നാരായണീയം

(3) ശ്രീകൃഷ്ണകർണാമൃതം, ദശമം കിളിപ്പാട്ട്

(4) ഹരിനാമകീർത്തനം, പാർത്ഥസാരഥീസ്തവം

10. **കാര്യം :** കോട്ടയം കഥകൾ രാമനാട്ടത്തെ കഥകളിയാക്കുകയും കോട്ടം തീർന്ന ആട്ടക്കഥ-കളാക്കി മാറ്റുകയും ചെയ്തു.

**കാരണം :** (a) സാത്വികാഭിനയത്തിനും പദാർത്ഥാഭിനയത്തിനും പ്രാധാന്യം നല്കി.

(b) ഭീമൻ, ധർമ്മപുത്രർ, അർജ്ജുനൻ തുടങ്ങിയ ദൈവികപരിവേഷമില്ലാത്തവർ നായകരായി.

(c) നായകസ്ഥാനത്തു നിന്നും പച്ചവേഷത്തെ മാറ്റി നിർത്തി.

(1) **കാര്യം** ശരി **കാരണം** (a) മാത്രം ശരി

(2) **കാര്യം** ശരി **കാരണം** (a) ഉം (b) ഉം ശരി

(3) **കാര്യം** ശരി **കാരണം** (b) ഉം (c) ഉം ശരി

(4) **കാര്യം** ശരി **കാരണം** (c) മാത്രം ശരി

11. താഴെ കൊടുത്തവയിൽ അർജ്ജുനൻ നായകനായ ആട്ടക്കഥ ഏത് ?

(1) ബകവധം (2) കീചകവധം

(3) കാലകേയവധം (4) കിർമ്മീരവധം

12. താഴെ കൊടുത്തവയിൽ 'ഓട്ടൻതുള്ളൽ' ഗണം ഏത് ?

(1) ഘോഷയാത്ര, സഭാപ്രവേശം (2) ഘോഷയാത്ര, കല്യാണസൗഗന്ധികം

(3) ഘോഷയാത്ര, സ്യമന്തകം (4) സഭാപ്രവേശം, കല്യാണസൗഗന്ധികം

13. **കാര്യം :** മിഷണറിമാരുടെ സംഭാവനകൾ ക്രിസ്തീയമല്ല മറിച്ച് അത് കേരളത്തിന്റെ ധൈഷണികപാരമ്പര്യത്തിന്റെ ഭാഗമാണെന്ന് മിഷണറി ഭാഷാശാസ്ത്രം പറയുന്നു.

**കാരണം :** (a) മിഷണറി വ്യവഹാരങ്ങളെ മതത്തിന്റെ പരിധിയിൽ മാത്രം വിശദീകരിക്കാൻ ശ്രമിക്കുന്ന രീതിയാണ് അതിനെ ക്രിസ്തീയമാക്കി മാറ്റുന്നത്.

(b) വിപുലമായ സാംസ്കാരികയുക്തിയിൽ പരിശോധിച്ചാൽ കേവലമായ മതയുക്തിയെ മറികടക്കാനുള്ള ഘടകങ്ങൾ അതിൽ കാണാം.

(c) മതയുക്തി, സാംസ്കാരികയുക്തി എന്നിവകൊണ്ട് മിഷണറി പ്രവർത്തനങ്ങളെ വിലയിരുത്തുന്നത് ശരിയാവില്ല.

(1) **കാര്യം** ശരി **കാരണം** (a) ഉം (b) ഉം ശരി

(2) **കാര്യം** ശരി **കാരണം** (a) മാത്രം ശരി

(3) **കാര്യം** ശരി **കാരണം** (a) ഉം (c) ഉം ശരി

(4) **കാര്യം** ശരി **കാരണം** (b) ഉം (c) ഉം ശരി

14. താഴെക്കൊടുത്തിരിക്കുന്നതിൽ ഗുണ്ടർട്ടുകൃതികളുടെ തെറ്റായ ഗണം ഏത് ?

(1) കേരളോല്പത്തി, പഴഞ്ചൊൽമാല, പാഠമാല, വജ്രസൂചി

(2) മലയാളവ്യാകരണം, വജ്രസൂചി, പഴഞ്ചൊൽ മാല, കേരളപ്പഴമ

(3) മലയാളഭാഷാവ്യാകരണം, പാഠമാല, വജ്രസൂചി, കേരളോല്പത്തി

(4) മലയാള ഭാഷാവ്യാകരണം, പാഠോല്പത്തി, വജ്രസൂചി, കേരളഗാനമാല

15. **കാര്യം :** 18-ാം നൂറ്റാണ്ടിലെ മലബാർ സംസ്കാരത്തിന്റെ മ്യൂസിയമാണ് ഗുണ്ടർട്ട് നിഘണ്ടു.

**കാരണം :** (a) കേരള ചരിത്ര സംസ്കാര പഠനങ്ങൾക്കു നാന്ദികുറിച്ചത് ഗുണ്ടർട്ടിന്റെ പദശേഖരത്തിൽ നിന്നാണ്.

(b) മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഭാഷാ ഭേദങ്ങളുടെയും വൈദേശിക പദങ്ങളുടെയും കൃത്യമായ അടയാളപ്പെടുത്തൽ അതിൽ ഉള്ളതുകൊണ്ട്.

(1) **കാര്യം** ശരി. **കാരണം** (a) മാത്രം ശരി

(2) **കാര്യം** ശരി. **കാരണം** (a) -യും (b) -യും ശരി

(3) **കാര്യവും കാരണങ്ങളും** തെറ്റ്

(4) **കാര്യം** ശരി. **കാരണം** (b) മാത്രം ശരി

16. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | ജ്ഞാനനിക്ഷേപം | (i) | തിരുവനന്തപുരം |
| (b) | കേരള മിത്രം | (ii) | കോട്ടയം |
| (c) | കേരളപത്രിക | (iii) | കൊച്ചി |
| (d) | കേരളവിലാസം | (iv) | കോഴിക്കോട് |
| | | (v) | തലശ്ശേരി |

**കോഡുകൾ**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (iii) | (iv) | (i) |
| (2) | (iii) | (iv) | (i) | (ii) |
| (3) | (v) | (iii) | (iv) | (ii) |
| (4) | (iv) | (ii) | (iii) | (i) |

17. 'നല്ല നല്ല ഗുണ സൽക്കഥ വളച്ചു കെട്ടി വഷളാക്കിയും
നല്ല നാടകമതെന്നുവെച്ചു ചിലബുക്കടിച്ചതുപരത്തിയും
സൊല്ലയാക്കി മരുവുന്ന യോഗ്യരെ ഹസിച്ചിടട്ടെയു വതീജനം'

ഈ ഹാസ്യ വിഡംബനം ഏതു നാടകത്തിൽ ?

(1) ഇന്ദുലേഖാ നാടകത്തിന്റെ ഭരത വാക്യം
(2) കല്യാണിനാടകത്തിന്റെ ഭരത വാക്യം
(3) ചക്കി ചങ്കരത്തിന്റെ ഭരത വാക്യം
(4) സംഗീത നൈഷധത്തിന്റെ ഭരത വാക്യം

18. കോടക്കാർ കൊമ്പു കുത്തുന്ന
കോമളത്തിരുമേനിയിൽ
മഴമിന്നൽത്തൊഴും മട്ടിൽ
മഞ്ഞപ്പട്ടാട ചാർത്തിയോൻ

ഈ വരികൾ എഴുതിയതാര് ?

(1) ചെറുശ്ശേരി (2) പൂന്താനം
(3) ഉള്ളൂർ (4) കുഞ്ഞിരാമൻനായർ

19. 'അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ്‌വരേണം'

ആരുടെ വരി ?

(1) കുമാരനാശാൻ (2) ചട്ടമ്പി സ്വാമികൾ
(3) ശ്രീനാരായണഗുരു (4) വാഗ്ഭടാനന്ദൻ

20. ആവുകില്ലാനട, ന്നില്ലായ്മയിൽ നിന്നു
ജീവിത സ്വർഗ്ഗീയ സൗധങ്ങൾ കെട്ടുവാൻ !

എഴുതിയത് ?

(1) വയലാർ (2) ഇടശ്ശേരി
(3) പി. കുഞ്ഞിരാമൻനായർ (4) വൈലോപ്പിള്ളി

**21.** ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | വിഘ്നങ്ങളെല്ലാം ചിതൽപ്പുറ്റുപോൽ തകരട്ടെ വിശ്വജേതാവാം കർമ്മധീരത മുന്നേറട്ടെ | (i) | ജി. കുമാരപിള്ള |
| (b) | എത്ര യാദൃച്ഛികം ജന്മവും സ്വത്വവും സ്വത്വ ഭേദങ്ങളും ജന്മവും മൃത്യുവും | (ii) | സുഗതകുമാരി |
| (c) | ചുറ്റുമുഴറ്റോടെ ഞാൻ നോക്കേ കത്തുന്നൂ കാഴ്ചകൾ കണ്ണിൽ | (iii) | തിരുനല്ലൂർകരുണാകരൻ |
| (d) | ഇവിടെയല്ലോ പുതിയവാക്കുകൾ തൻ കല്ലുളികളാൽ നാം പഴയകോട്ടയിടിച്ചു വീഴ്ത്തുന്നു | (iv) | പുനലൂർ ബാലൻ |
| | | (v) | വിഷ്ണുനാരായണൻ നമ്പൂതിരി |

**കോഡുകൾ**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (v) | (i) | (iii) |
| (2) | (iv) | (i) | (ii) | (iii) |
| (3) | (iii) | (i) | (v) | (iv) |
| (4) | (v) | (ii) | (i) | (iv) |

**22.** മനുഷ്യ മസ്തിഷ്കത്തോടല്ല, മാംസത്തോടല്ല

മനസ്സിനോടേ കാവ്യഹൃദയം സംസാരിക്കൂ.

ഈ വരികൾ ആരുടെ ?

(1) ചങ്ങമ്പുഴ (2) വയലാർ

(3) പി. ഭാസ്കരൻ (4) ഒ. എൻ.വി. കുറുപ്പ്

prepp
Your Personal Exams Guide

**23.** ഇടപ്പള്ളിക്കവികളുടെ കവിതകളിലെ ചില സമാനധർമ്മങ്ങൾ :

(a) രൂപശില്പ സംവിധാനത്തിലെ ശ്രദ്ധക്കുറവ്

(b) ഭ്രമാത്മകല്പനകളും വിഷാദാത്മകതയും

(c) മൃത്യു വാസന

(d) കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തോടുള്ള അതീവ താത്പര്യം

(1) (a) യും (c) യും ശരി

(2) (d) മാത്രം ശരി

(3) (b) മാത്രം ശരി

(4) (a) യും (b) യും (c) യും ശരി

**24.** താഴെ കൊടുത്തവരിൽ 'ഞാൻ', 'അവൾ', 'കിളി' തുടങ്ങിയ പ്രതീകങ്ങളെ ആവർത്തിച്ചു-പയോഗിച്ച കവി ആര് ?

(1) ആറ്റൂർ രവി വർമ്മ
(2) മാധവൻ അയ്യപ്പത്ത്
(3) ചെറിയാൻ കെ. ചെറിയാൻ
(4) മേതിൽ രാധാകൃഷ്ണൻ

**25.** ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | നരകം ഒരു പ്രേമകവിത എഴുതുന്നു | (i) | മാധവൻ അയ്യപ്പത്ത് |
| (b) | കൃഷ്ണപക്ഷം | (ii) | എം. എൻ. പാലൂർ |
| (c) | കലികാലം | (iii) | കെ. ജി. ശങ്കരപ്പിള്ള |
| (d) | കിളിമൊഴികൾ | (iv) | ഡി. വിനയചന്ദ്രൻ |
| | | (v) | ദേശമംഗലം രാമകൃഷ്ണൻ |

**കോഡുകൾ**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (v) | (ii) | (iii) | (i) |
| (2) | (iv) | (v) | (ii) | (i) |
| (3) | (ii) | (iv) | (iii) | (i) |
| (4) | (iii) | (i) | (ii) | (v) |

26. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | മൃഗശിക്ഷകൻ | (i) | നളിനി ബേക്കൽ |
| (b) | വളരെച്ചെറിയ ചില മോഹങ്ങൾ | (ii) | സാവിത്രി രാജീവൻ |
| (c) | മാംസനിബദ്ധമോ രാഗം | (iii) | വി. എം. ഗിരിജ |
| (d) | ദേഹാന്തരം | (iv) | റോസ്മേരി |
| | | (v) | വിജയലക്ഷ്മി |

**കോഡുകൾ**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (v) | (iv) | (iii) | (ii) |
| (2) | (iv) | (v) | (ii) | (iii) |
| (3) | (iii) | (ii) | (iv) | (v) |
| (4) | (ii) | (iii) | (iv) | (i) |

27. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ഇൻസിലിക്ക | (i) | അൻവർ അലി |
| (b) | ആടിയാടി അലഞ്ഞ മരങ്ങളേ | (ii) | പി. പി. രാമചന്ദ്രൻ |
| (c) | കലംകാരി | (iii) | എൽ. തോമസ്കുട്ടി |
| (d) | പത്തുമണിപ്പൂക്കൾ | (iv) | സുധീഷ് കോട്ടേമ്പ്രം |
| | | (v) | അയ്യപ്പപ്പണിക്കർ |

**കോഡുകൾ**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (i) | (ii) | (v) | (iv) |
| (2) | (ii) | (i) | (v) | (iii) |
| (3) | (i) | (ii) | (iv) | (iii) |
| (4) | (iii) | (i) | (ii) | (v) |

28. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ഘാതകവധം | (i) | ആർച്ച് ഡീക്കൻ കോശി |
| (b) | പുല്ലേലിക്കുഞ്ചു | (ii) | മിസിസ് കോളിൻസ് |
| (c) | കുന്ദലത | (iii) | ജോസഫ് പിറ്റ് |
| (d) | തീർത്ഥാടകപുരോഗതി | (iv) | അപ്പുനെടുങ്ങാടി |
| | | (v) | പോത്തേരി കുഞ്ഞമ്പു |

**കോഡുകൾ**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iii) | (iv) | (ii) | (i) |
| (2) | (iv) | (v) | (i) | (ii) |
| (3) | (i) | (ii) | (iii) | (v) |
| (4) | (ii) | (i) | (iv) | (iii) |

29. "മലയാളജില്ലയിലെ ജർമ്മൻ മിശ്യൻ വേലയുടെ പ്രാരംഭ കാലത്തെ വർണ്ണിക്കുന്ന ഒരു കഥ" എന്ന ശീർഷകവിവരണത്തോടെ പ്രസിദ്ധീകൃതമായ ആദ്യകാല നോവൽ ഏത് ?

(1) ഘാതകവധം
(2) പറങ്ങോടീ പരിണയം
(3) സുകുമാരി
(4) ലക്ഷ്മീകേശവം

30. ലത്തീൻ കത്തോലിക്കരുടെ ജീവിതം ആവിഷ്കരിക്കുന്ന നോവലുകളുടെ മാത്രം ഗണം :

(1) ഫ്രാൻസിസ് ഇട്ടിക്കോര, ലന്തൻബത്തേരിയിലെ ലുത്തീനിയകൾ, ചാവുനിലം.
(2) പരിഷ്കാരവിജയം, സ്വർഗ്ഗദൂതൻ, ലന്തൻബത്തേരിയിലെ ലുത്തീനിയകൾ.
(3) പരിഷ്കാരവിജയം, ആലാഹയുടെ പെൺമക്കൾ, കൊന്തയിൽ നിന്ന് കുരിശിലേയ്ക്ക്.
(4) ചാവുനിലം, പരിഷ്കാരപ്പാതി, വിഷകന്യക.

Prepp
Your Personal Exams Guide

31. ചേരുംപടി ചേർക്കുക.

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | നാടകത്തിന്റെ കഥ | (i) | ബീയാട്രിക്സ് അലക്സിസ് |
| (b) | അരങ്ങിന്റെ വകഭേദങ്ങൾ | (ii) | ഗീത |
| (c) | അരങ്ങിന്റെ കാണാപ്പുറങ്ങൾ | (iii) | സജിത മഠത്തിൽ |
| (d) | കളിയരങ്ങും സ്ത്രീകളും | (iv) | ആർ. ബി. രാജലക്ഷ്മി |
| | | (v) | വത്സലാ ബേബി |

**കോഡുകൾ**

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (1) | (iv) | (ii) | (v) | (i) |
| (2) | (v) | (iii) | (iv) | (ii) |
| (3) | (iii) | (ii) | (i) | (iv) |
| (4) | (iv) | (i) | (ii) | (iii) |

32. സ്ഥിതി, സംഹാരം, സാക്ഷാത്കാരം, സമന്വയം എന്നീ സകാരാദ്യ നാടകങ്ങൾ എഴുതിയത് :

(1) ജി. ശങ്കരപ്പിള്ള
(2) നരേന്ദ്രപ്രസാദ്
(3) തിക്കോടിയൻ
(4) കെ. ടി. മുഹമ്മദ്

33. **കാര്യം :** നാടക പാഠത്തിന്റെ വാചികാർഥങ്ങളിലും രംഗമൊരുക്കലിന്റെ ആകർഷണീയതയിലുമാണ് മലയാളത്തിലെ റിയലിസ്റ്റിക് നാടകങ്ങൾ ഏറെ ശ്രദ്ധിച്ചത്.

**കാരണം :** (a) യൂറോപ്യൻ റിയലിസത്തിന്റെ സ്വാധീനം.

(b) കേരളീയ ദൃശ്യകലകളിലെ വാചികാഖ്യാന പാരമ്പര്യത്തിന്റെ സ്വാധീനം.

(c) ധ്വനിപാഠ (sub-text) സമ്മിളിതമായ രംഗാവിഷ്കാരമാകണം നാടകമെന്ന ചിന്ത പ്രബലമാകും മുൻപാണ് മലയാളത്തിൽ റിയലിസ്റ്റിക് നാടകങ്ങളുടെ സമൃദ്ധകാലം.

(1) **കാര്യം** ശരി. **കാരണം** (a) ശരി

(2) **കാര്യം** ശരി. **കാരണം** (b) യും (c) യും ശരി

(3) **കാര്യം** ശരി. **കാരണം** (a) യും (b) യും (c) യും ശരി

(4) **കാര്യം** ശരി. **കാരണം** (c) മാത്രം ശരി

**34.** യാചൻ എന്ന ആദിവാസിയും മക്കളും കഥാപാത്രങ്ങളാവുന്ന നാടകം :

(1) നമ്മളൊന്ന് (2) കൂട്ടുകൃഷി (3) നാടുഗദ്ദിക (4) പെരുമ്പറ

**35.** 'ചെറുപൈതങ്ങൾക്ക് ഉപകാരാർഥം ഇംഗ്ലീഷിൽ നിന്നു പരിഭാഷപ്പെടുത്തിയ കഥകൾ' എന്ന പേരിലുള്ള എട്ടു കഥകളുടെ പ്രമേയം :

(1) ലഘു ശാസ്ത്രവിഷയങ്ങൾ (2) ഭൂമിശാസ്ത്രം

(3) മതപ്രബോധനം (4) പഞ്ചതന്ത്രകഥകൾ

**36.** നായ കഥാപാത്രമായി വരുന്ന കഥകളുടെ മാത്രം ഗണം :

(1) ശത്രു, വെള്ളപ്പൊക്കത്തിൽ, കള്ളൻനായ

(2) ഉടമസ്ഥൻ, ശേഖുട്ടി, ടൈഗർ

(3) ആദം, അന്തകന്റെ തോട്ടി, ഷെർലക്

(4) ഹാരിസൺ സായ്‌വിന്റെ നായ, കള്ളൻ, ലൂസിഫർ

**37.** കാലക്രമനുസരിച്ച് മാധവിക്കുട്ടിയുടെ കഥകളുടെ ശരിയായ ഗണം :

(1) തരിശുനിലം, പക്ഷിയുടെ മണം, നഷ്ടപ്പെട്ട നീലാംബരി

(2) പക്ഷിയുടെ മണം, തരിശുനിലം, നഷ്ടപ്പെട്ട നീലാംബരി

(3) നഷ്ടപ്പെട്ട നീലാംബരി, തരിശുനിലം, പക്ഷിയുടെ മണം

(4) തരിശുനിലം, നഷ്ടപ്പെട്ട നീലാംബരി, പക്ഷിയുടെ മണം

**38.** "ചണ്ഡാല ഭിക്ഷുകിയുടെ മേന്മയ്ക്ക് മറ്റൊരു കാരണം അതിൽ പല പഴയ ജനകീയ ശീലുകൾ (ഫോക്‌ട്യൂൺസ്) കവി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്" എന്നു പറഞ്ഞത് :

(1) കേസരി എ. ബാലകൃഷ്ണപിള്ള (2) ജോസഫ് മുണ്ടശ്ശേരി

(3) കുട്ടിക്കൃഷ്ണമാരാർ (4) എം. പി. പോൾ

Prepp
Your Personal Exams Guide

**39.** മലയാളത്തിലെ നാടക നിരൂപണത്തിന്റെ തുടക്കം എന്നു കരുതാവുന്ന 'ഭാഷാ നാടക പരിശോധന' എന്ന ഗ്രന്ഥം എഴുതിയത് :

| | | | |
|---|---|---|---|
| (1) | എ. ഡി. ഹരിശർമ്മ | (2) | ഡി. അന്തപ്പായി |
| (3) | കെ. രാമകൃഷ്ണപിള്ള | (4) | സി. പി. അച്ചുതമേനോൻ |

**40.** ബി. രാജീവന്റേതല്ലാത്ത കൃതി :

| | | | |
|---|---|---|---|
| (1) | സ്വാതന്ത്ര്യത്തിന്റെ സമഗ്രത | (2) | മാർക്സിസവും ശാസ്ത്രവും |
| (3) | വാക്കുകളും വസ്തുക്കളും | (4) | അർത്ഥരുചി |

**41.** 'ഈശ്വരനെപ്പോലും പുല്ലിംഗത്തിലാക്കിയിട്ടുള്ള പുരുഷനെക്കൊണ്ട് സ്ത്രീയെ തന്റെ ഉപഭോഗ്യവിഭവങ്ങളിൽ ഒന്നായി വെട്ടിക്കുറപ്പിച്ച ആ സാമൂഹിക നീതിയുടെ സൃഷ്ടി' ഏത് കഥാപാത്രം ? ആരുടെ വിലയിരുത്തൽ ?

(1) ദുശ്ശള കുട്ടികൃഷ്ണമാരാര്

(2) ദമയന്തി എ. ആർ. രാജരാജവർമ്മ

(3) ശകുന്തള ജോസഫ് മുണ്ടശ്ശേരി

(4) സീത സുകുമാർ അഴീക്കോട്

**42.** ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | ജീവിതപ്പാത | (i) | മന്നത്തു പദ്മനാഭൻ |
| (b) | എന്റെ കുതിപ്പും കിതപ്പും | (ii) | കേശവദേവ് |
| (c) | കൊഴിഞ്ഞ ഇലകൾ | (iii) | ഫാദർ വടക്കൻ |
| (d) | എതിർപ്പ് | (iv) | ചെറുകാട് |
| | | (v) | മുണ്ടശ്ശേരി |

**കോഡുകൾ**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (iv) | (iii) | (v) | (ii) |
| (2) | (ii) | (iv) | (iii) | (i) |
| (3) | (i) | (iv) | (ii) | (v) |
| (4) | (iii) | (i) | (iv) | (v) |

Prepp Your Personal Exam Guide

43. ശരിയായ ക്രമം :

(1) അഭിനവ മലയാള നിഘണ്ടു ശബ്ദസാഗരം മലയാള മഹാനിഘണ്ടു നവയുഗ ഭാഷാ നിഘണ്ടു

(2) നവയുഗഭാഷാനിഘണ്ടു ശബ്ദസാഗരം അഭിനവ മലയാള നിഘണ്ടു മലയാള മഹാനിഘണ്ടു

(3) നവയുഗ ഭാഷാനിഘണ്ടു മലയാള മഹാനിഘണ്ടു അഭിനവ മലയാള നിഘണ്ടു ശബ്ദസാഗരം

(4) ശബ്ദസാഗരം മലയാള മഹാനിഘണ്ടു അഭിനവ മലയാള നിഘണ്ടു നവയുഗ ഭാഷാ നിഘണ്ടു

44. ചേരുംപടി ചേർക്കുക.

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | യെനാൻ | (i) | എ. അയ്യപ്പൻ |
| (b) | സംക്രമണം | (ii) | വി. സി. ശ്രീജൻ |
| (c) | രസന | (iii) | പി. എൻ. ദാസ് |
| (d) | അക്ഷരം | (iv) | വി. ജി. തമ്പി |
| | | (v) | കെ. എൻ. ഷാജി |

**കോഡുകൾ**

| | **(a)** | **(b)** | **(c)** | **(d)** |
|---|---|---|---|---|
| (1) | (ii) | (v) | (iv) | (i) |
| (2) | (ii) | (v) | (iii) | (iv) |
| (3) | (v) | (i) | (iv) | (ii) |
| (4) | (iii) | (ii) | (iv) | (i) |

45. ''സംസ്കൃത സാഹിത്യ മീമാംസയിലെ വിധിനിഷേധങ്ങളെ അജ്ഞേയറ്റത്തെ യാഥാസ്ഥിതി-കത്വത്തോടുകൂടെ ഉരുവിട്ടുറപ്പിച്ച പണ്ഡിതന്മാരെ ഏറെ ക്ഷോഭിപ്പിച്ചു കളഞ്ഞു ഈ കൃതി'' എന്ന് എം. തോമസ് മാത്യു വിലയിരുത്തുന്നത് ജോസഫ് മുണ്ടശ്ശേരിയുടെ ഏത് കൃതിയെയാണ് ?

(1) കാലത്തിന്റെ കണ്ണാടി (2) മാറ്റൊലി

(3) കാവ്യപീഠിക (4) അന്തരീക്ഷം

**താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം ചൂണ്ടി കാട്ടുക.**

സാംസ്കാരികവും ഭാഷാപരവുമായി കടന്നു കയറ്റം നടത്താൻ ശ്രമിച്ച ബ്രാഹ്മണരെ സ്വന്തം വീക്ഷണത്തിൽ നിന്നുകൊണ്ട് നിർവ്വചിക്കാനും കണ്ണശ്ശന്മാർ തയ്യാറായിട്ടുണ്ട്. അടിച്ചേൽപ്പിക്കുന്ന സ്വത്വബോധത്തെ അതേപടി സ്വീകരിക്കാതെ തങ്ങളുടെ വീക്ഷണത്തിലുള്ള സ്വത്വചിന്ത അവതരിപ്പിക്കുന്ന കണ്ണശ്ശന്മാർ യഥാർത്ഥത്തിൽ അക്കാലത്തെ അധികാരശക്തിയെ വെല്ലുവിളിക്കുക കൂടിയാണ് ചെയ്തത്. തന്റെ വീക്ഷണത്തിലുള്ള ബ്രാഹ്മണൻ ആരാണ് എന്ന് രാമപ്പണിക്കർ നിർവ്വചനം നൽകുന്നു.

'മുനിവൊടഹങ്കാരാദികളെല്ലാം
  ഉറ്റവിചാരം കൊണ്ടു കളഞ്ഞേ
കനിവൊടു ശമദമസന്തോഷാദികൾ
  കൈക്കൊണ്ടാരണ തല്പരരായേ
അനുപമരാകിയ ഭൂദേവന്മാർ
  അവരവരേ മമ ദൈവത; മെന്നാൽ
മനസി നിനച്ചതു ചെയ്തു മുടിക്കാം
  മറയവരരുളാലിന്നിനിയെല്ലാം.'

ബ്രാഹ്മണർ എന്നു പറയുന്നവരെല്ലാം അവരല്ല എന്ന വ്യക്തമായ വീക്ഷണമാണ് രാമപ്പണിക്കർ നൽകിയിരിക്കുന്നത്. കടന്നുകയറ്റക്കാരെ ദേശവാസികൾ കൃത്യമായി നിരീക്ഷിക്കുന്ന പ്രവണതയാണ് ഇവിടെ കാണുന്നത്. സ്വന്തം ഭാഷയെക്കുറിച്ചും ദേശത്തെക്കുറിച്ചും അഭിമാനമുള്ളവർക്കു മാത്രമേ ഇത്തരം എതിരിടലുകൾ സാധ്യമാകൂ. ദേശഭാഷയ്ക്ക് പുതിയ സാഹചര്യങ്ങളെ നേരിടേണ്ടി വന്നപ്പോൾ കണ്ണശ്ശന്മാർക്ക് അപകർഷതാബോധമല്ല ഉണ്ടായത്. പുതിയ വെല്ലുവിളികളെ നേരിടാനുള്ള കരുത്ത് ഭാഷയ്ക്ക് നേടിയെടുക്കാനാണ് അവർ ശ്രമിച്ചത്. വർണ്ണ, രൂപ തലങ്ങളിൽ ആവശ്യമായ പരിഷ്കാരം വരുത്താൻ അവർ ശ്രമിച്ചു. വിജാതീയ വ്യഞ്ജനയോഗങ്ങളും തത്സമങ്ങളും അനുവദിക്കുക. വഴിഭാഷയ്ക്ക് പുതിയ കരുത്ത് നൽകുന്നതിൽ അവർ വിജയിച്ചു. അപ്പോൾപോലും ദേശത്തനിമയെ നഷ്ടപ്പെടുത്തുന്നതിനെതിരെ അവർ ജാഗരൂകരുമായിരുന്നു.

ദേശഭാഷയുടെ കരുത്ത് പ്രാദേശികവും കൂടിയാണെന്ന് കണ്ണശ്ശനിൽനിന്നും ചെറുശ്ശേരിയിലെത്തുമ്പോൾ തെളിയുന്നു. പ്രാദേശിക രൂപങ്ങളെ പാമരജനപ്രസിദ്ധം എന്നും ച്യുതസംസ്കാരമെന്നും ആലങ്കാരിക ഗ്രന്ഥങ്ങൾ വിധിയെഴുതിയതിനു ശേഷവും അത്തരം രൂപങ്ങളുടെ ധാരാളിത്തം കൃഷ്ണഗാഥയിൽ കാണാം. വാമൊഴിയിൽ മാത്രം കാണുന്ന എത്രയോ പ്രയോഗങ്ങളേയും പദങ്ങളേയുമാണ് ചെറുശ്ശേരി കൃഷ്ണഗാഥയിൽ കൊണ്ടുവരുന്നത്. നാടൻ ഗാനങ്ങളുടെ അനുഭവശേഖരം കൈമുതലായ ഒരു ജനതയെ ലക്ഷ്യമാക്കിയുള്ള രചനയായതിനാലാവാം ചെറുശ്ശേരി കവിതയിൽ ദേശഭാഷാസ്നേഹം ഇത്രമാത്രം കൊണ്ടുവന്നത്. ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷതയായി സച്ചിദാനന്ദൻ ചൂണ്ടിക്കാട്ടിയ ഭാഷയുടെ വിവൃതസ്വഭാവം കൃഷ്ണഗാഥയിൽ കാണുന്നുണ്ട്. മലയാളത്തിന്റെ തനിമ ശക്തമായ അളവിൽ ഈ കൃതിയിലുണ്ട്. അതുകൊണ്ടുതന്നെ ഭാഷാപരമായ ജനകീയ സ്വഭാവം കൃഷ്ണഗാഥ പുലർത്തുന്നു എന്നു പറയാം. കാവ്യഭാഷയെ ദേശവൽക്കരിക്കുകയോ പ്രാദേശികവൽക്കരിക്കുകയോ ചെയ്ത ചെറുശ്ശേരി മലയാളത്തിന്റെ സാധ്യതയെ അംഗീകരിക്കുകയാണ് ചെയ്തത്. കണ്ണശ്ശനും ചെറുശ്ശേരിയും വാശിയോടെ നില നിർത്താൻ ശ്രമിച്ച ദേശഭാഷയുടെ കരുത്ത് പിന്നീടുള്ള ഒരു ഘട്ടത്തിൽ സംസ്കൃതത്തിനു കീഴടങ്ങുന്നത് മലയാളകവിതാചരിത്രം പറഞ്ഞു തരുന്നു.

കണ്ണശ്ശന്റെയും ചെറുശ്ശേരിയുടെയും നിലപാടിൽ നിന്നും മാറിയുള്ള എഴുത്തച്ഛന്റെ രചനാരീതിയാണ് ഇതിനുകാരണം എന്നു പറയേണ്ടതായി വരും. കാവ്യഭാഷയ്ക്ക് നിലവാരരൂപം (standard form) വേണമെന്ന ചിന്തയായിരുന്നു. അദ്ദേഹത്തിന്റേത്. ഭാവത്തിനനുസരിച്ച് രൂപം മാറുന്ന ഭാഷ, കനപ്പെട്ട ഭാഷ എന്നിങ്ങനെ എഴുത്തച്ഛൻ ഭാഷയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ യഥാർത്ഥത്തിൽ പ്രാദേശിക ഭേദങ്ങൾക്കെതിരായി നിൽക്കുന്ന നിലവാരരൂപത്തെ വിലമതിക്കുന്നവയാണ്. കണ്ണശ്ശന്മാരെപ്പോലെ എഴുത്തച്ഛന് ദേശഭാഷകൊണ്ടുള്ള പ്രതിരോധം ഒരു പ്രശ്നമല്ലായിരുന്നു. തന്റെ ആവിഷ്ക്കാര ഭാവത്തിന് എന്താണോ ചേരുക അതു സ്വീകരിച്ചു. ചിലപ്പോൾ ദേശഭാഷയാകാം മറ്റുചിലപ്പോൾ സംസ്കൃതമാകാം. ഒരേ കാര്യം തന്നെ ദേശഭാഷയിലും സംസ്കൃതത്തിലും അവതരിപ്പിക്കുന്ന രീതിയും എഴുത്തച്ഛൻ കൃതികളിൽ കാണാൻ കഴിയും.

'കല്ലും മലയും മരങ്ങളും കൈക്കൊണ്ടു

ചെല്ലുന്ന വീരരോടേറ്റ നിശിചര'...

'പഷാണ പർവ്വത വൃക്ഷാദികൾ കൊണ്ടു

ഭീഷണന്മാരായ വാനരവീരരെ'

ഈ മാറ്റം കേവലം ഭാവപരമെന്നു മാത്രം പറഞ്ഞൊഴിയാൻ കഴിയില്ല. ഒരു സന്ദർഭത്തിൽ ദേശഭാഷയോടു ചേർന്നു നിൽക്കുകയും തൊട്ടടുത്ത് സംസ്കൃതത്തെ അമിതമായി പ്രണയിക്കുകയും ചെയ്യുന്ന ഉണ്ണിയാടീചരിതകാരന്റെ മാനസികാവസ്ഥ എഴുത്തച്ഛനിലും കാണാം. ഭാവത്തിന്റെ ഗൗരവം, ഭാഷയുടെ ചലനാത്മകത എന്നൊക്കെ ഇതിന് പേരു നൽകാമെങ്കിലും ദേശഭാഷയുടെ ഭാഗത്തുമാത്രം നിന്നുകൊണ്ട് പ്രതിരോധം സൃഷ്ടിക്കാൻ

ശ്രമിച്ച കണ്ണശ്ശന്മാരെപ്പോലുള്ളവരുടെ ഭാഷയുടെ രാഷ്ട്രീയം എഴുത്തച്ഛനെ അലട്ടിയിരുന്നില്ല എന്നു വേണം കരുതാൻ. ചിട്ടപ്പെടുത്തലും നിലവാരപ്പെടുത്തലും യഥാർത്ഥത്തിൽ ഭാഷയുടെ നിലപാടിൽ നോക്കുമ്പോൾ ഒട്ടനവധി പ്രാന്തവൽക്കരണങ്ങൾ കൂടിയാണ് എന്നു പറയാതെ വയ്യ. നിലവാരപ്പെടുത്തൽ നടത്തുമ്പോൾ ഒഴിവാക്കപ്പെടുന്ന ഒരുപാടു ദേശഭാഷാപദങ്ങളുടെ നിലവിളി കേൾക്കാതിരിക്കുന്നവർ യഥാർത്ഥ ഭാഷാസ്നേഹികളല്ല. എഴുത്തച്ഛന്റെ നിലവാരപ്പെടുത്തലിന്റെ ഫലം പിന്നീടുവന്ന പല ദേശഭാഷാകവികളേയും കൃത്യമായി ബാധിച്ചിട്ടുണ്ട്. അതിലൊരാളാണ് കുഞ്ചൻ നമ്പ്യാർ.

എഴുത്തച്ഛൻ ചിട്ടപ്പെടുത്തിയ മലയാളത്തെ വീണ്ടും ദേശഭാഷയുടെ സ്വാതന്ത്ര്യത്തിലേക്ക് കൂട്ടിക്കൊണ്ടു വന്നത് കുഞ്ചൻ നമ്പ്യാരായിരുന്നു. താൻ ആർക്കുവേണ്ടി കവിത എഴുതുന്നു, എങ്ങനെ എഴുതുന്നു എന്നീ കാര്യങ്ങളിൽ നമ്പ്യാർക്ക് കൃത്യതയും പിടിവാശിയും ഉണ്ടായിരുന്നു. കണ്ണശ്ശന്മാരെപ്പോലെ തന്നെ ദേശഭാഷാസ്നേഹം പ്രകടിപ്പിക്കാൻ നമ്പ്യാരും ശ്രമിച്ചു.

"ഭടജനങ്ങടെ നടുവിലുള്ളൊരു

പടയണിക്കിഹ ചേരുവാൻ

വടിവിയന്നൊരു ചാരുകേരള

ഭാഷതന്നെ ചിതം വരൂ"

എന്ന ഉറപ്പ് അദ്ദേഹത്തിനുണ്ടായിരുന്നു. അധികാര വർഗ്ഗത്തിന്റെ ധാരണകളേയും ഭാവനകളേയും മണ്ണിലേക്ക് പറിച്ചു നടാനുള്ള ശ്രമം നമ്പ്യാർ തന്റെ ഭാഷാപ്രയോഗത്തിലൂടെ നടത്തുന്നു. ഭാഷയുടെ ഈ നിലപാട് സഭാ പ്രവേശത്തിൽ കുറച്ചു കൂടി വ്യക്തമായി സ്ഥാപിക്കുന്നുണ്ട്.

'പാക്കനാരുടെ വംശലേശമതിൽ പിറന്നവനേഷഞാൻ

വാക്കിനാരൊടുമെത്തിനേർത്തു മടങ്ങി മാറുകയില്ലടോ'

തന്റെ പ്രവർത്തനത്തെ പൊതു സമൂഹവുമായുള്ള ഒരു സംവാദമാക്കി മാറ്റാനാണ് നമ്പ്യാർ ശ്രമിച്ചത്. വർത്തമാനകാല സംഭവങ്ങളേയും പുരാണ കഥകളേയും കൂട്ടിക്കലർത്തി സാധാരണ മലയാളിയുടെ ഭാഷയിൽ തുള്ളൽ രചന നടത്തിയ നമ്പ്യാർക്ക് എഴുത്തച്ഛൻ പണിതീർത്തുവച്ച ഒരു പ്രവണതയുമായി എതിരിട്ടു നിൽക്കേണ്ടതുണ്ടായിരുന്നു. പൊതു സമൂഹവുമായുള്ള സംവാദത്തിൽ ദേശഭാഷയുടെ ധാരാളിത്തം ആവശ്യമാണെന്ന് നമ്പ്യാർക്ക് അറിയാമായിരുന്നു. എഴുത്തച്ഛൻ നിലവാരപ്പെടുത്തിയ കാവ്യപ്രസ്ഥാനത്തെ സ്വതന്ത്രമാക്കാൻ നമ്പ്യാർ ചെയ്തത് പ്രാന്തവല്ക്കരിച്ചു നിർത്തിയ പല ചൊല്ലുകളേയും ഭാഷാ പ്രയോഗങ്ങളേയും രചനയിലേക്ക് കൊണ്ടു വരികയായിരുന്നു. ഇങ്ങനെ ദേശഭാഷയുടെ മണ്ണിൽ നിന്നുകൊണ്ട് കഥപറയുമ്പോൾ അതിൽ കുറവ് കണ്ടുപിടിക്കാൻ വരുന്ന മറുവിഭാഗത്തെക്കുറിച്ചും നമ്പ്യാർക്ക് ധാരണയുണ്ടായിരുന്നു. വരേണ്യ സൗന്ദര്യ പക്ഷപാതികളായ അവരോട് തന്റെ നിലപാട് തന്റേടത്തോടെ പറയാനും നമ്പ്യാർ തയ്യാറായി.

'കുറവും കുറ്റവും നോക്കി പറവാനുണ്ടൊരു കൂട്ടം

തുറുകണ്ണും മിഴിച്ചങ്ങു മറുഭാഗേ വസിക്കുന്നു'

അറിയാത്ത മഹാമൂഢൻ തെറിവാക്കു പറയുമ്പോൾ

എറിഞ്ഞു കാലൊടിക്കും എന്നറിഞ്ഞു കൊൾവിനെല്ലാരും

എന്നിങ്ങനെ തന്റെ എതിർപക്ഷത്തുള്ള ആൾക്കാരെക്കുറിച്ചുള്ള സൂചനകൾ നമ്പ്യാർ കൃഷ്ണലീലയിൽ നൽകുന്നുണ്ട്.

കണ്ണശ്ശനോ ചെറുശ്ശേരിക്കോ നേരിടേണ്ടിവന്ന അവസ്ഥയല്ല നമ്പ്യാർക്കുണ്ടായിരുന്നത്. കാവ്യഭാഷാ സംബന്ധമായ നിലവാരപ്പെടുത്തൽ നടന്നിട്ടില്ലാതിരുന്നതിനാൽ അവർക്ക് കൂടുതൽ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ദേശഭാഷാ പ്രതിരോധത്തിൽ മാത്രം ഊന്നിയാൽ മതിയായിരുന്നു. എന്നാൽ നമ്പ്യാർക്കാകട്ടെ വായനാ സമൂഹത്തിൽ ഉറപ്പിക്കപ്പെട്ട മാതൃകയെ എതിർക്കേണ്ട ബാധ്യതകൂടി ഉണ്ടായിരുന്നു.

എഴുത്തച്ഛൻ സൃഷ്ടിച്ച നിലവാരപ്പെട്ട കാവ്യഘടനയെ എതിർക്കുന്ന ഒരു കാവ്യരൂപത്തിന്റെ നിർമ്മാണം, ദേശഭാഷാ പ്രതിരോധത്തിന്റെ ശക്തി തിരിച്ചുപിടിക്കൽ എന്നിങ്ങനെ രണ്ടു വഴിയിലൂടെ നേടിയെടുക്കേണ്ട സാധ്യതയായിരുന്നു നമ്പ്യാരുടെ ലക്ഷ്യം. രണ്ടു സമരമുഖങ്ങളോടാണ് നമ്പ്യാർ പടവെട്ടിയത്. എഴുത്തച്ഛന്റെ കാവ്യരചനാരീതി തൃപ്തിപ്പെടുത്തിയിരുന്ന വായനാസമൂഹത്തിന് അതുകൊണ്ടുതന്നെ നമ്പ്യാരുടെ രചനകളിൽ വൃഥാസ്ഥൂലത, നിലവാരമില്ലാത്ത ഹാസ്യത്തിന്റെ പ്രയോഗം തുടങ്ങിയവ കണ്ടെത്തുക എളുപ്പമായിരുന്നു. വാമൊഴിയുടെ പാരമ്പര്യത്തെ അംഗീകരിച്ച നമ്പ്യാരുടെ ലക്ഷ്യം തിരിച്ചറിയാതിരുന്ന വിഭാഗം ഇത്തരം ആരോപണങ്ങളിൽ തൃപ്തിനേടി നമ്പ്യാരുടെ വർണ്ണനകളിൽ ദേശവും ഭൂപ്രകൃതിയും വൃക്ഷനിരകളും രേഖപ്പെട്ടു കിടക്കുന്നത് പരിശോധിക്കുമ്പോൾ കേരളത്തിന്റെ ഒരു കാലഘട്ടത്തെ പുനർനിർമ്മിക്കാൻ ഇതൊക്കെ ധാരാളം എന്നു പറയേണ്ടി വരും. ദേശത്തോടും ജനതയോടും ഭാഷയോടും നമ്പ്യാർ കാണിച്ച കൂറ് ദേശവാസിയുടെ പ്രതിരോധത്തിന്റെ ഭാഗമാണ്. കണ്ണശ്ശനിലും ചെറുശ്ശേരിയിലും വളർന്ന് എഴുത്തച്ഛനിൽ കൂടി അപ്രത്യക്ഷമായ ഭാഷാ രാഷ്ട്രീയത്തെ തിരിച്ചുപിടിച്ച കവി എന്ന നിലയിൽ മലയാള കവിതാചരിത്രത്തിൽ കുഞ്ചൻ നമ്പ്യാർക്ക് കൃത്യമായ ഒരു സ്ഥാനമുണ്ട്.

പിന്നീട് ഈ വഴിയിൽ പരിചയപ്പെടുന്ന കവി പൂന്താനമാണ്. പൂന്താനത്തിന്റെ എല്ലാ രചനകളും ഈ പ്രസ്താവത്തിന്റെ കീഴിൽ വരില്ല. വേദാന്തസാരങ്ങൾ ഒതുക്കിവച്ചിരിക്കുന്ന ജ്ഞാനപ്പാന വ്യത്യസ്ഥമാണ്. ദേശഭാഷയോടുള്ള പ്രണയത്തിന്റെ ഫലമായി ഇതിലെ വരികളെ തിരിച്ചറിയണം. "പ്രാദേശിക ഭാഷയായ മലയാളമുപയോഗിച്ചുവെന്നു മാത്രമല്ല, അതിൽതന്നെ നാടൻഭാഷാ രൂപങ്ങളും ചൊല്ലുകളും യഥേഷ്ടം കലർത്തുവാനും പൂന്താനത്തിന് താൽപര്യമുണ്ടായിരുന്നു. തേർത്തടത്തിന്, കാച്യപാൽ മുതലായ ഗ്രാമ്യ പ്രയോഗങ്ങൾ പോലും കാണാം" (6). എന്ന് പ്രൊഫ. ചെറുകുന്നം പുരുഷോത്തമൻ പറയുന്നത് ഇതേ കാര്യം തന്നെയാണ്. പിന്നീട് ദേശഭാഷാപ്രതിരോധം കാണുന്നത് പച്ചമലയാള പ്രസ്ഥാനത്തിലാണ്.

46. ഭാഷയ്ക്കു പുതിയ കരുത്തു നൽകുന്നതിൽ കണ്ണശ്ശൻമാർ വിജയിച്ചത് :

(a) വിജാതീയ വ്യഞ്ജനയോഗങ്ങളും തൽസമങ്ങളും അനുവദിച്ചതിലൂടെ.

(b) പുരാണ കഥകളെ പ്രമേയമാക്കുക വഴി.

(c) വർണ്ണ രൂപതലങ്ങളിൽ പരിഷ്കാരം വരുത്തിയതിലൂടെ.

(1) (a) മാത്രം ശരി

(2) (c) മാത്രം ശരി

(3) (b) മാത്രം ശരി

(4) (a) യും (c) യും ശരി

47. **കാര്യം :** ചെറുശ്ശേരി കാവ്യഭാഷയെ ദേശവൽകരിക്കുകയോ പ്രാദേശികവൽകരിക്കുകയോ ചെയ്തു.

**കാരണം :** (a) പ്രാദേശിക രൂപങ്ങളുടെ ധാരാളിത്തം.

(b) വിവൃത സ്വഭാവമുള്ള ഭാഷാ പ്രയോഗം.

(c) വാമൊഴിപ്പദങ്ങളുടെയും പ്രയോഗങ്ങളുടെയും സമൃദ്ധി.

(d) ദേശവർണ്ണനകളുടെ ചരിത്ര മൂല്യം.

(1) **കാര്യം** ശരി. **കാരണം** (a) മാത്രം ശരി

(2) **കാര്യം** ശരി. **കാരണം** (b) യും (d) യും ശരി

(3) **കാര്യം** ശരി. **കാരണം** (a) യും (b) യും (c) യും ശരി

(4) **കാര്യം** ശരി. **കാരണം** (d) മാത്രം ശരി

48. നമ്പ്യാർക്കു പടവെട്ടേണ്ടിയിരുന്ന രണ്ടു സമര മുഖങ്ങൾ :

(1) എഴുത്തച്ഛൻ സൃഷ്ടിച്ച നിലവാരപ്പെട്ട കാവ്യഘടനയെ എതിർക്കുകയും ദേശഭാഷാ പ്രതിരോധത്തിന്റെ ശക്തി തിരിച്ചു പിടിക്കുകയും

(2) വിശേഷപ്പെട്ട അഭിനയ സാഹിത്യം സൃഷ്ടിക്കുകയും ഒപ്പം സംസ്കൃത നാടക പാരമ്പര്യത്തെ സ്വാംശീകരിക്കുകയും

(3) ഭടജനങ്ങളെ കവിതയിലൂടെ മുഖ്യ ധാരയിലെത്തിക്കുകയും ഭക്തി മാർഗ്ഗം പ്രചരിപ്പിക്കുകയും

(4) സമ്പന്ന വർഗ്ഗത്തെ പരിഹസിക്കുകയും അധികാരി വർഗ്ഗത്തെ എതിർക്കുകയും

49. **കാര്യം :** കണ്ണശ്ശൻമാരെപ്പോലുള്ളവരുടെ ഭാഷയുടെ രാഷ്ട്രീയം എഴുത്തച്ഛനെ അലട്ടിയിരുന്നില്ല.

**കാരണം :** (a) സംസ്കൃതത്തോടുള്ള ആരാധന തന്റെ കൃതികളെ സംസ്കൃത നിബിഡമാക്കാൻ എഴുത്തച്ഛനെ പ്രേരിപ്പിച്ചു.

(b) ദേശഭാഷകൊണ്ടുള്ള പ്രതിരോധം എഴുത്തച്ഛൻ ലക്ഷ്യമാക്കിയില്ല.

(c) ഭാവ ഗൗരവത്തിനിണങ്ങുന്ന മട്ടിൽ വൈവിധ്യമുള്ള ഭാഷാ പ്രയോഗ-മായിരുന്നു എഴുത്തച്ഛന്റേത്.

(1) **കാര്യം** ശരി. **കാരണം** (a) മാത്രം ശരി

(2) **കാര്യം** ശരി. **കാരണം** (b) മാത്രം ശരി

(3) **കാര്യം** ശരി. **കാരണം** (b) യും (c) യും ശരി

(4) **കാര്യം** ശരി. **കാരണം** (c) മാത്രം ശരി

50. ലേഖകന്റെ അഭിപ്രായത്തിൽ ആരാണ് യഥാർഥ ഭാഷാ സ്നേഹികൾ അല്ലാത്തവർ ?

(1) കവിതയിൽ ദേശഭാഷ ഉപയോഗിക്കാത്തവർ

(2) സംസ്കൃത പാരമ്പര്യത്തെ നിഷേധിക്കുന്നവർ

(3) നിലവാരമില്ലാത്ത ഹാസ്യപ്രയോഗങ്ങൾ നടത്തുന്നവർ

(4) നിലവാരപ്പെടുത്തൽ നടത്തുമ്പോൾ ഒഴിവാക്കപ്പെടുന്ന ദേശഭാഷാ പദങ്ങളുടെ നിലവിളി കേൾക്കാതിരിക്കുന്നവർ

- o 0 o -